(ഡി) പീഡിത വ്യവസായ പദ്ധതിയിൽ ഉൾപ്പെട്ട ചെറുകിട വായ്പാ കുടിശ്ശികക്കാർക്ക് പലിശയിൽ ഇളവും കാലാവധി നീട്ടിക്കൊടുക്കലും മാത്രമേ കഴിയുകയുള്ളൂ. പലിശയും, പിഴപ്പലിശയും പൂർണ്ണമായും ഒഴിവാക്കാൻ സാധിക്കുകയില്ല.

വായ്പാ നിക്ഷേപ അനുപാതം

28 [1858] *ഡോ. തോമസ് ഐസക്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക വർഷം 1996-1997 മുതൽ 2004-2005 വരെയുള്ള ഓരോ വർഷവും വിവിധ വിഭാഗത്തിൽപ്പെട്ട ബാങ്കുകൾ നൽകിയ വായ്പകൾ എത്ര വീതമായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ ഓരോ വർഷവും ജില്ലാ അടിസ്ഥാനത്തിലും മേഖലാ അടിസ്ഥാനത്തിലും വിവിധ വിഭാഗം ബാങ്കുകൾ നൽകിയ വായ്പ എത്ര വീതമായിരുന്നുവെന്നും ലക്ഷ്യമിട്ട തുക എത്ര വീതമായിരുന്നുവെന്നും വ്യക്തമാക്കുമോ;

(സി) മേൽപ്പറഞ്ഞ കാലയളവിൽ ഓരോ വർഷവും ഓരോ ജില്ലയിലും എത്ര തുക വീതം ഓരോ വിഭാഗം ബാങ്കുകൾക്കും നിക്ഷേപമായി ലഭിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ഡി) നിക്ഷേപത്തിന് അനുസൃതമായി ബാങ്കുകളെക്കൊണ്ട് വായ്പ അനുവദിപ്പിക്കുവാൻ എന്തൊക്കെ നടപടികളാണ് യു.ഡി.എഫ്. സർക്കാർ സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) എസ്. എൽ. ബി. സി. യിൽ നിന്നും ലഭിച്ച വിവരങ്ങൾ അനുസരിച്ച് 1996-1997 മുതൽ 2004-2005 വരെ വിവിധ വിഭാഗത്തിൽപ്പെട്ട ബാങ്കുകൾ നൽകിയ വായ്പയുടെ വിശദാംശം ചുവടെ ചേർക്കുന്നു. (തുക കോടിയിൽ)

വർഷം	*കൃഷി*	*ചെറുകിട വായ്പ*	*മറ്റു മുൻഗണനാ വായ്പ*	*ആകെ മുൻഗണനാ വായ്പ*
(1)	(2)	(3)	(4)	(5)
1996-1997	1281	846	936	3063
1997-1998	1534	808	1226	3568

GPM. 2/566/2012—10

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)	(5)
1998–1999	1927	913	1676	4516
1999–2000	2500	1073	2398	5971
2000–2001	2908	1276	3064	7248
2001–2002	2861	1626	3756	8243
2002–2003	3514	1840	5209	10563
2003–2004	4549	1933	7114	13596
2004–2005	6854	2520	9013	18387

(ബി) കണക്കുകൾ ശേഖരിച്ചു വരുന്നതായി എസ്. എൽ. ബി. സി. അറിയിക്കുന്നു.

(സി) വിവരം ശേഖരിച്ചു വരുന്നതായി എസ്. എൽ. ബി. സി. അറിയിക്കുന്നു.

(ഡി) സംസ്ഥാനത്തെ ബാങ്കിംഗ് മേഖലയുടെ പ്രവർത്തനം വിലയിരുത്തുന്നതിന് സംസ്ഥാനതല ബാങ്കേഴ്സ് സമിതി നിലവിലുണ്ട്. പ്രസ്തുത സമിതി മുഖേന സംസ്ഥാനത്ത് വിവിധ വകുപ്പുകൾവഴി നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾക്കും കുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിനും ആവശ്യമായ വായ്പ ലഭ്യമാക്കുന്നതിന് ബാങ്കുകളെ പ്രേരിപ്പിക്കുന്നതിനും അതുവഴി വായ്പ-നിക്ഷേപ അനുപാതം വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനതല ബാങ്കിംഗ് കോ-ഓർഡിനേഷൻ കമ്മിറ്റി കാലാകാലങ്ങളിൽ യോഗം ചേർന്ന് വായ്പ-നിക്ഷേപ അനുപാതം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

ദേശസാൽകൃത ബാങ്കുകളിലെയും സഹകരണ ബാങ്കുകളിലെയും നിക്ഷേപം

29 [1859] *ശ്രീ. കെ. പി. മോഹനൻ:*
ഡോ. കെ. സി. ജോസഫ്:
ശ്രീ. എ. സി. ഷൺമുഖദാസ്:
,, സി. കെ. നാണു:
ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശസാൽകൃത ബാങ്കുകളിലെയും സഹകരണ ബാങ്കുകളിലെയും കഴിഞ്ഞ സാമ്പത്തിക വർഷത്തെ നിക്ഷേപം എത്രയാണെന്ന്

LIBRARY ARCHIVES Kerala Legislative Assembly